# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5507     01/07/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ പോഷകാഹാര ക്കുറവ് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികൾക്കായി ന്യൂട്രിഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ തുടങ്ങാൻ തീരുമാനിച്ചി രുന്നോ; എപ്പോഴാണ് തീരുമാനിച്ചത്; | (എ) | തീരുമാനിച്ചിരുന്നു; അട്ടപ്പാടിയിൽ പോഷണക്കുറവ് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ നടത്തുന്നതിനായി 2013 മേയ് മാസത്തിൽ യൂണിസെഫ് പ്രതിനിധികൾ സന്ദർശിച്ച് നിർദ്ദേശിച്ച പ്രകാരം ജൂൺ മാസം ഒന്നാം തീയതി ആരോഗ്യ വകുപ്പിന്റെ അഭിമുഖ്യത്തിൽ അഗളി സി.എച്ച്.സി. യിലും പുതൂർ, ഷോളയൂർ പി.എച്ച്.സി. എന്നിവിടങ്ങളിലും ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇത് എപ്പോഴാണ് നടപ്പാക്കി തുടങ്ങിയത്; | (ബി) | സി.എച്ച്.സി. അഗളിയിൽ 01.06.2013 നും, പുതൂർ, ഷോളയൂർ പി.എച്ച്.സി. കളിൽ 25.08.2013 നും ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു. |
| (സി) | എത്ര സെന്ററുകൾ എവിടെയെല്ലാം ആരംഭിച്ചു ; | (സി) | അഗളി സി.എച്ച്.സി, പുതൂർ, ഷോളയൂർ പി.എച്ച്.സി. എന്നിവിടങ്ങളിൽ മൂന്ന് ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർ ത്തിക്കുന്നു. |
| (ഡി) | പ്രസ്തുത സെന്ററുകളിലൂടെ എത്ര കുട്ടികൾക്ക് ആഹാരം നൽകാനാണ് ലക്ഷ്യമിട്ടത്; എത്ര കുട്ടികൾക്ക് ഇതുവരെ നൽകാൻ കഴിഞ്ഞു; | (ഡി) | സർവ്വെയിൽ കണ്ടെത്തിയിട്ടുള്ള 299 കുട്ടികൾക്കാണ് പോഷകാഹാരം നൽകുവാൻ ലക്ഷ്യമിട്ടത്. ഇതുവരെ 205 കുട്ടികൾക്ക് പരിചരണം നൽകി. |
| (ഇ) | തുടങ്ങിയ എല്ലാ സെന്ററുകളും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ; എത്ര സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; | (ഇ) | തുടങ്ങിയ 3 സെന്ററുകളും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | സെന്ററിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തായിരുന്നു ന്യൂനതകൾ എന്ന് വ്യക്തമാക്കുമോ? | (എഫ്) | എൻ.ആർ.സി. കളുടെ പ്രവർത്തനങ്ങൾ തികച്ചും ഫലപ്രദമാണ്. എന്നാൽ ചില തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. ഭക്ഷണം കഴിക്കാൻവേണ്ടി മാത്രം രണ്ടാഴ്ച പി.എച്ച്.സി/സി.എച്ച്.സി സെന്ററുകളിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാൻ പലരും തയ്യാറല്ല. കൂലിപ്പണി വിട്ടിട്ട് കൂടുതൽ ദിവസം ആശുപത്രികളിൽ തങ്ങുവാൻ പലരും വിമുഖതകാട്ടുന്നുണ്ട്. ദൂരക്കൂടുതലും ഒരു പ്രശ്നമാണ്. കുട്ടികളെ അഡ്മിറ്റ് ചെയ്ത് കഴിഞ്ഞാൽ സ്വാഭാവികമായി മാതാവും കൂടെ താമസിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യം കണക്കിലെടുത്ത് ബോധവത്കരണ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ സംയുക്തമായ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കൂടാതെ, എസ്.ടി. പ്രോമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികളെ വീണ്ടും സെന്ററുകളിൽ പ്രവേശിപ്പിച്ച് പരിചരണം ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**